بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 31.01.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

നബി(സ)തിരുമേനിയുടെ മഹോന്നത പവിയിലുള്ള ബദരീ സ്വഹാബി ഹദ്റത്ത് **അബൂത്വൽഹ**(റ)യുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ ഹൃദ്യമായ വിവരണങ്ങൾ.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ اَلرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഇന്നു വിവരിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേരാണ്, ഹദ്റത്ത് അബൂ ത്വൽഹ(റ). ഹദ്റത്ത് അബൂത്വൽഹാ അൻസ്വാരിയുടെ യഥാർഥ നാമം സൈദ് എന്നായിരുന്നു. അൻസ്വാർ ഗോത്രമായ ഖദ്റജുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഗോത്രത്തിന്റെ തലവനായിരുന്നു അദ്ദേഹം. അബൂത്വൽഹ എന്ന വംശനാമത്തിലാണ് അദ്ദേഹം കൂടുതൽ അറിയപ്പെട്ടിരുന്നുത്. രണ്ടാം ബൈഅത്തെ ഉഖ്ബയിൽ നബി(സ)തിരുമേനിയുടെ കയ്യിൽ ബൈഅത്തു ചെയ്യാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. നബി(സ)തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. ഹദ്റത്ത് അബൂത്വൽഹ ഗോതമ്പ് നിറത്തിലുള്ള ഇടത്തരം പൊക്കമുള്ള വ്യക്തിയായിരുന്നു. ഒരിക്കലും തലമുടിയിലോ താടിയിലോ ചായം പൂശിയിരുന്നില്ല. ഹദ്റത്ത് അനസ്, ഹദ്റത്ത് അബൂത്വൽഹയുടെ റബീബ് അഥവാ ഭാര്യയുടെ ആദ്യ ഭർത്താവിലുള്ള മകനായിരുന്നു. ഹദ്റത്ത് ഉമ്മെ സുലൈം(റ)ന്റെ ആദ്യ ഭർത്താവ് മാലിക് ബിൻ നദർ ആയിരുന്നു. അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് അബൂത്വൽഹയുമായി അവരുടെ വിവാഹം നടന്നു. അതിൽനിന്നും അബ്ദുല്ലായും ഉമൈറും ജനിച്ചു. ഹദ്റത്ത അനസ് വിവരിക്കുന്നു: ഹദ്റത്ത് അബൂത്വൽഹ ഉമ്മെ സുലൈമിനോട് വിവാഹാഭ്യർത്ഥന നടത്തി. ഉമ്മെ സുലൈം പറഞ്ഞു: അല്ലാഹുവാണെ, താങ്കളെപ്പോലെയുള്ള ഒരാളെ വിവാഹം കഴിക്കുന്നത് ഞാൻ നിഷേധിക്കുകയില്ലായിരുന്നു. പക്ഷെ താങ്കൾ ബഹുദൈവ വിശ്വാസിയും ഞാൻ ഒരു മുസ്‌ലിമുമാകുന്നു. എനിക്ക് താങ്കളുമായുള്ള വിവാഹം അനുവദനീയമല്ല. താങ്കൾ മുസ്‌ലിം ആകുകയാണെങ്കിൽ എനിക്ക് മഹർ ആയിട്ട് അതു മാത്രം മതി. മറ്റൊന്നും ഞാൻ ആവശ്യപ്പെടുകയില്ല. ഹദ്റത്ത് അബൂ ത്വൽഹ ഇസ്‌ലാം സ്വീകരിച്ചു. അതായിരുന്നു മഹർ ആയി നിശ്ചയിക്കപ്പെട്ടിരുന്നത്. ഹദ്ത്ത് സാബിത്ത്(റ) പറയുമായിരുന്നു. ഇസ്‌ലാമിൽ ഇന്നുവരെ ഒരു സ്ത്രീയെ സംബന്ധിച്ചും ഉമ്മെ സുലൈമിന്റെ മഹറിന്റെ അത്രയും പവിത്രമായ മഹർ നിശ്ചയിക്കപ്പെട്ടതായി ഞാൻ കേട്ടിട്ടില്ല.

ഹദ്റത്ത് അബൂത്വൽഹ(റ) വിവരിക്കുന്നു: ബദർ യുദ്ധത്തിന്റെ രണ്ടാം ദിവസം നബി(സ) തിരുമേനി ഇരുപത്തിനാലു ഖുറൈശി നേതാക്കളെക്കുറിച്ച് കല്പന നല്കിയതനുസരിച്ച് അവരെ ബദറിലെ ഒരു പൊട്ടക്കിണറ്റിലേക്ക് തള്ളുകയുണ്ടായി. ഏതെങ്കിലും സമുദായത്തിനു മേൽ വിജയം കൈവരിച്ചു കഴിഞ്ഞാൽ അവിടന്ന് മൂന്നു രാത്രി ആ മൈതാനത്ത് തങ്ങുമായിരുന്നു. അങ്ങനെ ബദറിൽ മൂന്നു ദിവസം കഴിഞ്ഞപ്പോൾ നബി(സ) തിരുമേനിയും കൂടെ സ്വഹാബാക്കളും അവിടെനിന്നും പുറപ്പെട്ടു. അവർ പറഞ്ഞു: താങ്കൾ എന്തോ ഉദ്ദേശിച്ചാണ് അവിടെനിന്നും പുറപ്പെട്ടത് എന്ന് ഞങ്ങൾക്കറിയാം. അവിടന്ന് ആ രണ്ടുപേരുടെ ശവശരീരങ്ങൾ ഇട്ട കിണർ വക്കിലെത്തി അവിടെ നിന്നു. മൂടിയ കിണറായിരുന്നു അത്. അവിടന്ന് അവരെ അവരുടെ പിതാക്കളുടെ പേരെടുത്തുകൊണ്ട് വിളിക്കാൻ തുടങ്ങി. അതായത് അല്ലയോ ഇന്നയാളുടെ മകനേ ഇന്നയാളുടെ മകനേ നിങ്ങൾക്ക് അല്ലാഹുവിനെയും അവന്റെ ദൂതനേയും അനുസരിച്ചാൽ മതിയായിരുന്നു എന്നു തോന്നുന്നുണ്ടോ. എന്തെന്നാൽ ഞങ്ങളുടെ നാഥൻ ഞങ്ങളോടു ചെയ്ത വാഗ്ദാനം സത്യമായും പാലിച്ചു. നിങ്ങളുടെ നാഥൻ നല്കിയ വാഗ്ദാനം നിങ്ങൾക്കും ലഭിച്ചിരിക്കുന്നു. അബൂത്വൽഹ പറയുമായിരുന്നു ആ അവസരത്തിൽ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: യാ റസൂലല്ലാഹ് അങ്ങ് ആ നിർജ്ജീവങ്ങളായ ശവങ്ങളോട് എന്താണു പറഞ്ഞുകൊണ്ടിരിക്കുന്നത്. നബി(സ) പറഞ്ഞു: മുഹമ്മദിന്റെ ജീവൻ ആരുടെ കയ്യിലാണോ അവനെക്കൊണ്ട് സത്യം, ഞാൻ പറയുന്ന കാര്യങ്ങൾ അവർ കേൾക്കുന്നതിനേക്കാളും കൂടുതൽ നിങ്ങൾക്കു കേൾക്കാൻ സാധിക്കുകയില്ല. അതായത് നിങ്ങളുടെ പര്യവസാനം എങ്ങനെയായി എന്ന കാര്യം അല്ലാഹു അവരിലേക്ക് എത്തിച്ചു കൊടുക്കുന്നുണ്ട്.

ഹദ്റത്ത് അനസ്(റ) പറയുന്നു: ഉഹദ് യുദ്ധത്തിൽ ആളുകൾ പരാജയം ഏറ്റു വാങ്ങിയതിനുശേഷം നബി(സ) തിരുമേനിയിൽനിന്നും അകന്നു. ഹദ്റത്ത് അബൂത്വൽഹ(റ) നബി(സ)യുടെ മുമ്പിൽതന്നെ നിന്നു. ഹദ്റത്ത് ത്വൽഹ(റ) വളരെ ശക്തമായി വില്ല് വലിച്ച് അമ്പെയ്യുന്നയാളായിരുന്നു. അന്നേ ദിവസം രണ്ടോ മൂന്നോ വില്ലുകൾ ഒടിക്കുകയുണ്ടായി. തന്റെ മുമ്പിലൂടെ ആരെങ്കിലും ആവനാഴിയുമായി പോകുന്നതു കാണുമ്പോൾ നബി(സ) അബൂ ത്വൽഹയ്ക്കു നല്കുക എന്ന് പറയുമായിരുന്നു.

ഹദറത്ത് അനസ് പറയുമായിരുന്നു: നബി(സ) തിരുമേനി ശിരസ്സുയർത്തി ആളുകളെ നോക്കാൻ ശ്രമിക്കുമ്പോൾ അബൂത്വൽഹ പറയുമായിരുന്നു: എന്റെ മാതാപിതാക്കൾ അങ്ങയിൽ ബലിയായിരിക്കട്ടെ. ശിരസ്സുയർത്തി നോക്കാതിരുന്നാലും. യാദൃശ്ചികമായി അവരുടെ അമ്പുകളേറ്റേക്കാം. അങ്ങയുടെ തിരുനെഞ്ചിനു മുമ്പിൽ എന്റെ നെഞ്ചുണ്ട്. വളരെ നല്ല ഒരു അമ്പെയ്ത്തുകാരനായിരുന്നു ഹദ്റത്ത് അബൂത്വൽഹ. അദ്ദേഹം അമ്പെയ്യുമ്പോൾ നബി(സ) അദ്ദേഹം അമ്പെയ്തിടത്തേക്ക് എത്തിനോക്കുമായിരുന്നു. ഇത് ബുഖാരിയിലെ നിവേദമാണ്.

ഉഹദു യുദ്ധത്തിൽ അബൂത്വൽഹയുടെ ആ കവിതയും പരാമർശിക്കപ്പെടുന്നു

**വജ്ഹീ ലിവജ്ഹിക്കൽ വിഖാഅ**

**വനഫ്സീ ലിനഫ്സിക്കൽ ഫിദാഅ**

എന്റെ മുഖം അങ്ങയുടെ മുഖം കാക്കാനുള്ളതാണ്, അങ്ങയുടെ ജീവനുവേണ്ടിയിതാ എന്റെ ജീവൻ ബലിയാണ്.

ഹദ്റത്ത അനസ് വിവരിക്കുന്നു: നബി(സ) മദീനയിലെത്തി. തിരുമേനിക്ക് സേവകനായി ആരും ഉണ്ടായിരുന്നില്ല. ഹദ്റത്ത് അബൂത്വൽഹ(റ) എന്റെ കൈപിടിച്ചു കൊണ്ട് നബി(സ) തിരുമേനിയുടെ അടുത്തു കൊണ്ടുപോയി. എന്നിട്ടു പറഞ്ഞു: യാ റസൂലല്ലാഹ് അനസ് വിവേകമുള്ള ഒരു കുട്ടിയാണ് അവൻ താങ്കളെ സേവിക്കുന്നതാണ്. ഞാൻ യാത്രയിലും അല്ലാത്ത അവസ്ഥയിലും നബി(സ) തിരുമേനിയെ സേവിച്ചു. ഹദ്റത്ത് അനസ്ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു: ഒരു ദിവസം ഞങ്ങൾ മക്കയുടെയും മദീനയുടെയും ഇടയിലുള്ള ഉസ്ഫാൻ എന്ന പ്രദേശത്തുനിന്നും നബി(സ) തിരുമേനിയുടെ കൂടെ യാത്ര ചെയ്യുകയായിരുന്നു. നബി(സ) തിരുമേനി ഹദ്റത്ത് സഫിയാ ബിൻത് ഹുയ്യിയെ പുറകിൽ ഇരുത്തിയിട്ടുണ്ടായിരുന്നു. അവരുടെ ഒട്ടകം മുട്ടുകുത്തി വീണു. രണ്ടു പേരും താഴെ വീണു. ഹദ്റത്ത് ത്വൽഹ(റ) ഉടനെ ഒട്ടകപ്പുറത്തു നിന്നും എടുത്തുചാടി. എന്നിട്ടു പറഞ്ഞു: യാ റസൂലല്ലാഹ് ഞാൻ അങ്ങയിൽ ബലിയായിരിക്കട്ടെ. അവിടന്ന് പറഞ്ഞു: ആദ്യം സ്ത്രീയുടെ കാര്യം നോക്കുക. ഹദ്റത്ത് അബൂത്വൽഹ(റ) രണ്ടുപേരുടെയും യാത്രാമൃഗത്തെ സജ്ജമാക്കി. ശേഷം അവർ അതിൽ യാത്ര തുടർന്നു. നബി(സ) തിരുമേനി മദീനയിലെത്തുന്നതുവരെ ഞങ്ങൾ തിരുമേനിക്കു ചുറ്റും വലയം തീർത്തു.

ഹദ്റത്ത് അനസ് വിവരിക്കുന്നു: നബി(സ) തിരുമേനി ഖൈബർ ആക്രമിച്ചപ്പോൾ ഞങ്ങൾ അതിന്റെ സമീപത്തു പോയി സുബഹി നമസ്കരിച്ചു. അപ്പോൾ ഇരുൾ മാറിയിട്ടുണ്ടായിരുന്നില്ല. തുടർന്ന് നബി(സ) തിരുമേനി യാത്ര തുടർന്നു. അബൂത്വൽഹയും കൂടെ പോയിരുന്നു. അദ്ദേഹത്തിനു പുറകിൽ ഞാനും ഉണ്ടായിരുന്നു.

ഹദ്റത്ത് അനസ്ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു: ഹുനൈൻ ദിവസം നബി(സ) തിരുമേനി പറഞ്ഞു: ഏതെങ്കിലും കാഫിറിനെ വധിക്കുന്നയാൾക്ക് ആ കാഫിറിന്റെ സ്വത്തും സാധനങ്ങളും ലഭിക്കുന്നതാണ്. ആ ദിവസം ഹദ്റത്ത് അബൂത്വൽഹ ഇരുപത് കാഫിറുകളെ വധിക്കുകയും അവരുടെ സാധനസാമഗ്രികൾ കരസ്ഥമാക്കുകയും ചെയ്തു. ഹദ്റത്ത അബൂത്വൽഹ, ഹദ്റത്ത് ഉമ്മെ സുലൈമിന്റെ കയ്യിൽ ഒരു കഠാര കണ്ടു. അദ്ദേഹം ചേദിച്ചു: അല്ലയോ ഉമ്മെ സുലൈം ഇതെന്താണ്? അവർ പറഞ്ഞു അല്ലാഹുവാണെ! ഏതെങ്കിലും കാഫിർ എന്റെയടുക്കൽ വരികയാണെങ്കിൽ ഞാൻ ഈ കഠാര ഉപയോഗിച്ചു വയർ കുത്തിക്കീറുന്നതാണ്. നബി(സ) തിരുമേനിയോട് അദ്ദേഹം ഇക്കാര്യം പറയുകയും ചെയ്തു.

ഹദ്റത്ത് അനസ് വിവരിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു: ഒരു സംഘം ആളുകൾക്കിടിയിലും അബൂത്വൽഹയുടെ ശബ്ദം ഗാംഭീര്യമുള്ളതായിരുന്നു. ചില നിവേദനങ്ങളിൽ നൂറു പേരുടെ അല്ലെങ്കിൽ ആയിരം ആളുകളുടെ എന്നെല്ലാം ഉണ്ട്. അതായത് വളരെ ഉയർന്ന ശബ്ദമായിരുന്നു അദ്ദേഹത്തിന്റേത്. ഹിജ്രി 34 നു മദീനയിൽവെച്ച് അദ്ദേഹം വഫാത്തായി. ഹദ്റത്ത് ഉസ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. മരണ സമയത്ത് അദ്ദേഹത്തിന് എഴുപത് വയസ്സായിരുന്നു. ബസ്രക്കാരുടെ അഭിപ്രായത്തിൽ ഒരു സമുദ്രയാത്രക്കിടെയാണ് അദ്ദേഹം വഫാത്തായത്. അങ്ങനെ ഒരു ദ്വീപിൽ അദ്ദേഹത്തെ മറയടക്കുകയും ചെയ്തു.

ഹദ്റത്ത അനസ് നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനിയുടെ കാലത്ത് ഹദ്റത്ത് അബൂത്വൽഹ ജിഹാദ് കാരണമായി, ശക്തി ക്ഷയിച്ചു പോകാതിരിക്കാനായി നഫൽ നോമ്പുകൾ അനുഷ്ഠിക്കാറുണ്ടായിരുന്നില്ല. നബി(സ) തിരുമേനി വഫാത്തായപ്പോൾ പിന്നെ ചെറിയ പെരുന്നാളിനും ബലിപെരുന്നാളിനുമല്ലാതെ മറ്റൊരിക്കലും നോമ്പില്ലാത്ത അവസ്ഥയിൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. അതിനുശേഷം അദ്ദേഹം സ്ഥിരമായി നോമ്പെടുക്കാൻ തുടങ്ങി.

ഹദ്റത്ത് അബൂത്വൽഹയുടെ അതിഥിസൽക്കാരത്തെക്കുറിച്ചുള്ള ഒരു സംഭവം ഇപ്രകാരം കാണാം: ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: ഒരാൾ നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു. നബി(സ) തിരുമേനി ചോദിച്ചു: ഈ അതിഥിയെ കൂടെ കൊണ്ടുപോകാൻ ആരാണുള്ളത്? ഹദ്റത്ത ത്വൽഹ അയാളെ കൂടെ കൊണ്ടുപോയി. ഭാര്യയോടു പറഞ്ഞു: നബിയുടെ അതിഥിയെ നല്ല പോലെ സൽക്കരിക്കുക. ഭാര്യപറഞ്ഞു: നമ്മുടെ കയ്യിൽ ഒന്നുമില്ലല്ലോ. എനിക്കും കുട്ടികൾക്കും കഷ്ടിച്ച് കഴിക്കാനുള്ളതെയുള്ളൂ. ത്വൽഹ പറഞ്ഞു: കുട്ടികളെ ഭക്ഷണം നൽകാതെ കിടത്തിയുറക്കുക. അങ്ങനെ അവർ ഭക്ഷണം പാകംചെയ്തു വിളക്കു തെളിയിച്ചു. കുട്ടികളെ കിടത്തിയുറക്കുകയും ചെയ്തു. പിന്നീട് വിളക്ക് ശരിയാക്കാനെന്ന ഭാവേന എടുത്ത് അണച്ചു കളഞ്ഞു. അവർ ഭക്ഷണം കഴിക്കുന്നുണ്ടെന്നു തോന്നിക്കുന്ന വിധത്തിൽ ശബ്ദമുണ്ടാക്കി. എന്നാൽ വെറുംവയറ്റിലാണ് രാത്രി കഴിച്ചു കൂട്ടിയത്. നേരം വെളുത്തപ്പോൾ ത്വൽഹ(റ) നബി(സ) തിരുമേനിയുടെ അടുക്കലെത്തി. നബി

തിരുമേനി പറഞ്ഞു: ഇന്നലെ രാത്രി നിങ്ങളുടെ അതിഥി സൽക്കാരം കണ്ടുകൊണ്ട് അല്ലാഹു ചിരിച്ചു; അഥവാ നിങ്ങളുടെ പ്രവൃത്തിയിൽ സന്തുഷ്ടനായി. അല്ലാഹു വഹ്‌യ് ഇറക്കി

أُوْتُوا وَيُؤْثِرُوْنَ عَلٰٓى اَنْفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۗ
وَمَنْ يُّوْقَ شُحَّ نَفْسِهٖ فَاُولٰٓئِكَ هُمُ الْمُفْلِحُوْنَ

അവർക്ക് ദാരിദ്ര്യമുണ്ടെങ്കിൽപോലും അവർ തങ്ങളേക്കാൾ മറ്റുള്ളവർക്ക് മുൻഗണന കല്പിക്കുമായിരുന്നു. വല്ലവരും തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്നു സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ.

ഹദ്റത്ത് അനസ് വിവിക്കുന്നു: ഒരിക്കൽ നബി(സ) മുടി മുറിച്ചപ്പോൾ തിരുമേനിയിൽനിന്നും അല്പം മുടി വാങ്ങിയ ആദ്യ വ്യക്തിയായിരുന്നു ഹദ്റത്ത് അബൂ ത്വൽഹ. ഹദ്റത്ത് അനസ്ബിൻ മാലിക് വിവരിക്കുന്നു: അബൂത്വൽഹക്ക് മദീനയിൽ മറ്റു അൻസ്വാറുകളേക്കാളും കൂടുതൽ ഈന്തപ്പഴത്തോട്ടമുണ്ടായിരുന്നു. അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട തോട്ടം പള്ളിക്കു മുമ്പിലുള്ള ബിഅ്ർഹാ എന്ന തോട്ടമായിരുന്നു. നബി(സ) തിരുമേനി അവിടെ വരികയും അവിടത്തെ ശുദ്ധമായ വെള്ളം കുടിക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് അനസ് പറയുന്നു: لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല എന്ന ആയത്ത് ഇറങ്ങിയപ്പോൾ ഹദ്റത്ത് ത്വൽഹ(റ) എഴുന്നേറ്റു നിന്നുകൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ സ്വത്തിൽ എനിക്കേറ്റവും പ്രിയപ്പെട്ടത് ബിഅ്ർഹാ എന്ന തോട്ടമാണ്. അതു ഞാൻ ദാനം ചെയ്യുകയാണ്. അല്ലാഹവിന്റെയടുക്കൽ സ്വീകാര്യമായ ഒരു നന്മയായിരിക്കുമെന്നും ഒരു നിക്ഷേപമായിരിക്കുമെന്നും ഞാൻ കരുതുന്നു. ആയതിനാൽ അല്ലാഹു നിർദേശിക്കുന്നിടത്ത് അങ്ങ് അത് ചെലവഴിച്ചു കൊള്ളുക. അവിടന്ന് പറഞ്ഞു: വളരെ നല്ലത്. ഇത് നല്ല ഫലം ചെയ്യുന്നതും എന്നെന്നും നിലനിൽക്കുന്നതുമായ സ്വത്താകുന്നു. താങ്കൾ പറയുന്നതു ഞാൻ കേട്ടു. താങ്കളുടെ അടുത്ത ബന്ധുക്കൾക്കിടയിൽ അതു വീതിച്ചു നൽകുന്നതാണ് ഉചിതമെന്ന് ഞാൻ മനസ്സിലാക്കുന്നു. തിരുനബിയുടെ നിർദ്ദേശ പ്രകാരം അബൂത്വൽഹ ആ തോട്ടം അടുത്ത ബന്ധുക്കൾക്കിടയിലും പിതൃസഹോദരന്റെ മക്കൾക്കിടയിലുമായി വിതരണം ചെയ്തു. നബി(സ)യുടെ ഒരു മകൾ വഫാത്തായപ്പോൾ തിരുമേനിയുടെ നിർദേശമനുസരിച്ച് ഖബറിൽ ഇറങ്ങാനും മകളുടെ ജനാസ ഖബറിൽ ഇറക്കാനുമുള്ള പ്രത്യേക സൗഭാഗ്യവും ഹദ്റത്ത് അബൂത്വൽഹക്കു ലഭിച്ചിട്ടുണ്ട്.

ഹദ്റത്ത് അനസ് ബിൻ മാലിക് വിവരിക്കുന്നു: അബ്ദുല്ലാഹിബ്നു അബൂ ത്വൽഹ അൻസ്വാരി ജനിച്ചപ്പോൾ ഞാൻ അവനെയുംകൊണ്ട് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബി(സ) തിരുമേനി അപ്പോൾ മേലങ്കിയണിഞ്ഞ് ഒട്ടകത്തിന് അടയാളമിടുകയായിരുന്നു. അവിടന്ന് ചോദിച്ചു: നിന്റെ കയ്യിൽ ഈന്തപ്പഴമുണ്ടോ? അതെ എന്നു ഞാൻ പറഞ്ഞു. ഞാൻ കുറച്ച് ഈന്തപ്പഴം നബിതിരുമേനിക്കു നല്കി. അവിടന്ന് അത് വായിലിട്ടു നല്ലവണ്ണം ചവച്ചു. പിന്നെ അത് കുട്ടിയുടെ വായിൽ വച്ചു കൊടുത്തു. കുട്ടി അത് നുണച്ചു. അപ്പോൾ തിരുനബി പറഞ്ഞു: അൻസ്വാറുകളുടെ ഈന്തപ്പഴത്തോടുള്ള ഇഷ്ടം. അതായത് കുട്ടിക്കും അത് ഇഷ്ടമായി. അവിടന്ന് ആ കുട്ടിക്ക് അബ്ദുല്ലാഹ് എന്ന് പേരിട്ടു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ഹദീസുകളിൽ ഒരു സ്വാഹാബിയയുടെ സംഭവം വിവരിക്കപ്പെടുന്നുണ്ട് (അത് ഉമ്മെ സുലൈമിനെക്കുറിച്ചു തന്നെയുള്ളതാണ്), അതായത് നബി(സ) തിരുമേനി അവരുടെ ഭർത്താവ് അബൂത്വൽഹയെ ഇസ്‌ലാമിക സേവനത്തിനായി അയച്ചതായിരുന്നു. അവരുടെ കുട്ടി രോഗിയായിരുന്നു. ആ സ്വഹാബി തിരിച്ചെത്തി. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ആ കുട്ടി മരണപ്പെട്ടിരുന്നു. കുട്ടിയുടെ മാതാവ് മരിച്ച കുട്ടിയെ പുതപ്പിച്ചു കുളിപ്പിച്ച് സുഗന്ധം പൂശി. വളരെ ധൈര്യത്തോടെ ഭർത്താവിനെ സ്വീകരിച്ചു. അദ്ദേഹം വന്ന ഉടനെ കുട്ടിയുടെ അവസ്ഥയെന്താണെന്നു ചോദിച്ചു. ആ സ്വഹാബിയ മറുപടി പറഞ്ഞു: വളരെ ആശ്വാസത്തോടെയിരിക്കുന്നു. അദ്ദേഹം ഭക്ഷണം കഴിച്ചു ഭാര്യയുമായി കഴിയുകയും ചെയ്തു. പിന്നീട് ഭാര്യ പറഞ്ഞു: ഞാൻ താങ്കളോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. എന്താണു കാര്യമെന്ന് ഭർത്താവ് ചോദിച്ചു. ഭാര്യ പറഞ്ഞു: ആരെങ്കിലും ഒരാളുടെ കൈയിൽഅമാനത്ത്(സൂക്ഷിപ്പുമുതൽ) ഏല്പിച്ചു കഴിഞ്ഞ് കുറച്ചു കാലം കഴിഞ്ഞ് അത് തിരിച്ച് ചോദിച്ചാൽ ആ സാധനം അയാൾക്കു തിരികെ നൽകണമോ വേണ്ടയോ? അദ്ദേഹം മറുപടി പറഞ്ഞു: സൂക്ഷിപ്പുമുതൽ തിരിച്ചു നൽകാത്ത ഏതു വിഡ്ഢിയാണുണ്ടാകുക. ഭാര്യ പറഞ്ഞു: ഒടുവിൽ അമാനത്ത് തിരികെ കൊടുക്കുമ്പോൾ അയാൾക്ക് നിരാശയുണ്ടാകും. അദ്ദേഹം പറഞ്ഞു: നിരാശയെന്തിന്, അയാളുടെ സ്വന്തം സാധനമൊന്നുമല്ലല്ലോ അത് തിരിച്ചു നല്കിയതിൽ നിരാശപ്പെടാനെന്തുണ്ട്? അപ്പോൾ ഭാര്യ പറഞ്ഞു: അങ്ങനെയെങ്കിൽ ശരി. അല്ലാഹുവിന്റെ അമാനത്തായിരുന്ന നമ്മുടെ കുട്ടിയെ അവൻ നമ്മിൽനിന്നും തിരിച്ചെടുത്തിരിക്കുന്നു.

ഹുസൂർ പറഞ്ഞു: ഇതായിരുന്നു അക്കാലത്തെ സ്ത്രീകളുടെ ധൈര്യം. ജീവൻ നൽകുക എന്നത് ഒരു കാര്യവുമല്ല. വിശ്വാസികളെ സംബന്ധിച്ച് അതൊരു സാധാരണ കാര്യമാണ്. പിന്നീട് നബി(സ) യുടെ ഫലമായി അല്ലാഹു അവരെ എത്രമാത്രം അനുഗ്രഹിച്ചിരുന്നുവെന്നാൽ ഹദ്റത്ത് അബൂത്വൽഹ യുടെ ഒമ്പതു മക്കളെ ഞാൻ കണ്ടിട്ടുണ്ടെന്നും എല്ലാവരും ഖുർആന്റെ ധാരികളായിരുന്നു എന്നും ഒരു നിവേദനമുണ്ട്.

ഹദ്റത്ത അനസ് ബിൻ മാലിക് നിവേദനം ചെയ്യുന്നു: ഞാൻ ഹദ്റത്ത് അബൂത്വൽഹ അൻസ്വാരി, ഹദ്റത്ത് അബൂ ഉബൈദാ ബിൻ അൽജറാഹ്, ഹദ്റത്ത് ഉബയ്യിബ്നു കഅബ്(റ) എന്നിവരെ ഈന്തപ്പഴത്തിന്റെ മദ്യം കുടിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ

വന്നുകൊണ്ട് മദ്യം നിഷിദ്ധമാക്കിയിരിക്കുന്നു എന്ന വാർത്ത നൽകി. ആ വാർത്ത കേട്ടയുടനെ അബൂത്വൽഹ പറഞ്ഞു: അല്ലയോ അനസ് ആ കുടങ്ങൾ തച്ചുടയ്ക്കൂ. ഹദ്റത്ത് അനസ് പറയുന്നു: ഞാൻ ഒരു കല്ലുകൊണ്ട് കുടങ്ങളുടെ അടിഭാഗം കുത്തിപ്പൊട്ടിക്കുകയായിരുന്നു.

ഹുസൂർ പറഞ്ഞു: ഇനി ഞാൻ ചുരുങ്ങിയ രൂപത്തിൽ ഒരു മർഹൂമിനെക്കുറിച്ച് പറയുന്നതാണ്. അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുകയും ചെയ്യുന്നതാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് മിയാൻ നൂർ മുഹമ്മദ് സാഹിബിന്റെ മകൻ ബഹുമാന്യ ബാബൂ മുഹമ്മദ് ലതീഫ് സാഹിബ് അമൃത്സരിയുടേതാണ്. അദ്ദേഹം 2020 ജനുവരി 26 ന് 90 ാം വയസിൽ റബ്വയിൽ വഫാത്തായി. اِنَّالِلّٰہِ وَاِنَّآ اِلَیْہِ رٰجِعُوْنَ അദ്ദേഹം ജമാഅത്തിന്റെ അറിയപ്പെടുന്ന മുബല്ലിഗ് മൗലാനാ മുഹമ്മദ് സിദ്ദീഖ് അമൃത്സരി സാഹിബിന്റെ ഇളയ സഹോദരനായിരുന്നു. ബാബൂ ലത്തീഫ് സാഹിബിന്റെ പിതാവ് യുവത്വ കാലത്ത് അദ്ദേഹത്തിനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ സവിധത്തിൽ കൊണ്ടുപോയി വഖ്ഫ് ചെയ്യാനായി ഏല്പിച്ചു. അദ്ദേഹത്തിന്റെ മൊത്തം സേവനകാലം അറുപത്തിരണ്ടു വർഷമാണ്. അതിൽ അമ്പത്തിമൂന്നു വർഷം പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫിസിൽ വിവിധ വകുപ്പുകളിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. പാക്കിസ്ഥാൻ രൂപീകരണത്തിനുശേഷം ഖാദിയാന്റെ സംരക്ഷകരിൽ ഉൾപ്പെടാനും ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന് അഞ്ചു പെൺമക്കളും ഒരു മകനുമാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ വഫാത്തിനു കുറച്ചു ദിവസങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ ഒരു മകൾ വഫാത്തായിരുന്നു.

ഹുസൂർ പറഞ്ഞു: ഞാൻ റബ്വയിലായിരുന്നപ്പോൾ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. വളരെ കഠിനാധ്വാനത്തോടെ ഓഫിസിലെത്തി ജോലി ചെയ്തിരുന്നു. ഓഫീസ് സമയം കഴിഞ്ഞിരിക്കുന്നു വീട്ടിൽ പോകണം എന്ന ചിന്തയൊട്ടും ഉണ്ടായിരുന്നില്ല. ജമാഅത്തിന്റെ ജോലികൾ നടക്കണം എന്ന ചിന്തയായിരുന്നു. അദ്ദേഹത്തിൽ സവിശേഷമായി ഉണ്ടായിരുന്ന വലിയൊരു ഗുണം, പ്രശ്നങ്ങളെക്കുറിച്ച് മറ്റുള്ളവരോട് ഒരിക്കലും ചർച്ച ചെയ്തിരുന്നില്ല എന്നതാണ്. രഹസ്യസ്വഭാവമുള്ള കത്തുകൾ എപ്പോഴും രഹസ്യമായിത്തന്നെ വച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് 74 ൽ ഇസ്‌ലാമാബാദ് അസംബ്ലിയിൽ ഹാജരായിരുന്നപ്പോൾ ഇദ്ദേഹം പ്രൈവററ് സെക്രട്ടറിയുടെ പ്രവർത്തകനായി അവിടെയുണ്ടായിരുന്നു. ഓഫീസ് ജോലികൾക്കു പുറമെ മറ്റുള്ളവരെ സഹായിക്കുകയും ചെയ്തിരുന്നു. ജോലിക്കാരോടൊപ്പം ചേർന്ന് പാത്രം കഴുകുമായിരുന്നു. നിസ്സ്വാർത്ഥനായ ഒരു മനുഷ്യനായിരുന്നു എന്നു ചുരുക്കം. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങളെയും തലമുറകളെയും അദ്ദേഹത്തിന്റെ നന്മകളിൽ നിലനിറുത്തുമാറാകട്ടെ. (ആമീൻ)

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُوْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 31.01.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516